## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1578

05-12-2014-ൽ മറുപടിക്ക്

### കായംകുളം ഗവൺമെന്റ് ഐ.റ്റി.ഐ.യ്ക്ക് ഭൂമി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.കെ. സദാശിവൻ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും, ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ കായംകുളം നഗരസഭയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.റ്റി.ഐ.യ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി നഗരസഭ നൽകിയില്ലെങ്കിൽ അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്രവേശനം നടത്താൻ കഴിയുകയില്ല എന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; (ബി) ഇക്കാര്യത്തിൽ കായംകുളം നഗരസഭ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദവിവരം ലഭ്യമാക്കാമോ; | (എ) & (ബി) | ഉണ്ട്. ഗവൺമെന്റ് ഐ.റ്റി.ഐ സ്ഥാപിക്കുന്നതിന് കായംകുളം വില്ലേജിൽ നിന്നും 46.36 ആർ സ്ഥലം സ്ഥലമേറ്റെടുക്കൽ നടപടിക്രമം പ്രകാരം ഏറ്റെടുക്കുന്നതിന് 16/09/2014 ലെ സ.ഉ(സാധാ) നം.4427/14/റവന്യൂ. ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ ചെലവുകൾക്കായി 25 ലക്ഷം രൂപ ജില്ലാ കളക്ടറുടെ വർക്ക് ഡിപ്പോസിറ്റ് അക്കൗണ്ടിലേയ്ക്ക് 2014 മാർച്ച് മാസത്തിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ, 50 ലക്ഷം രൂപ 2014-15 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കുന്നതിന് ആലപ്പുഴ സ്പെഷ്യൽ തഹസിൽദാർ(എൽ.എ) യെ ജില്ലാ കളക്ടർ നിയമിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാക്കി തുക ഒടുക്കുന്നതിന് നഗരസഭ പ്രാപ്തമാണ്. |
| സി) ഐ.റ്റി.ഐ.യ്ക്ക് ആവശ്യമായ സ്ഥലം നഗരസഭയ്ക്ക് എന്നത്തേയ്ക്ക് കൈമാറാൻ കഴിയും എന്ന് വിശദമാക്കാമോ? | (സി) | സ്ഥലമേറ്റെടുക്കൽ നടത്തുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും കായംകുളം നഗരസഭ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കി സ്ഥലം നഗരസഭയ്ക്ക് കൈമാറുന്നമുറയ്ക്ക് പ്രസ്തുത സ്ഥലം ഗവൺമെന്റ് ഐ.ടി.ഐ നിർമ്മാണത്തിനുവേണ്ടി ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ